KERALA BANK
Kerala State Co-operative Bank

# മഴവില്ല്

കേരള ബാങ്ക് ബുള്ളറ്റിൻ

Monthly Newsletter of Kerala State Co-operative Bank Vol.2 Issue.1 January 2022

# ജനപ്രതിനിധികൾക്കും, സംഘങ്ങളിലെ പ്രതിനിധികൾക്കും പുതുവത്സരാശംസകൾ നേർന്ന് കേരള ബാങ്ക്



ബഹു: സഹകരണ, റജിസ്ട്രേഷൻ വകുപ്പ് മന്ത്രി, ശ്രീ.വി.എൻ.വാസവന് കേരള ബാങ്ക് കോട്ടയം RO ജനറൽ മാനേജർ, ശ്രീ. പ്രിൻസ് ജോർജ്ജിന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ വസിതിയിൽ എത്തി ന്യൂഇയർ കേക്ക് കൈമാറുന്നു

സംസ്ഥാനത്തെ മന്ത്രിമാർ, ജനപ്രതിനിധികൾ, ബാങ്കിന്റെ ഓഹരി ഉടമകളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് പുതുവത്സരാശംസകൾ നേരിട്ടറിയിച്ച് കേരള ബാങ്ക്. കോവിഡ് മഹാമാരിയുടെ



ബഹു. ധനകാര്യ വകുപ്പ് മന്ത്രി ശ്രീ. K. N. ബാലഗോപാലിന് കേരള ബാങ്കിന്റെ പുതുവത്സര ആശംസകൾ.

ഇരുണ്ട സമയങ്ങളിൽ പ്രത്യാശ നൽകുന്ന ഒരു പുതുവർഷം ഉണ്ടാകും എന്ന വിശ്വാസവും, സഹകരണത്തിന്റെ പാതയിൽ ഒന്നിച്ചു മുന്നേറാം എന്ന സന്ദേശവും കൈമാറാൻ ഈ പരിപാടിയിലൂടെ സാധിച്ചു.

സംഘം പ്രസിഡണ്ട്, സെക്രട്ടറി എന്നിവരുടെ ഓഫീസ് /വസതി എന്നിവിടങ്ങൾ അതാത് റീജിയണൽ മാനേജർമാർ / ഡെപ്യൂട്ടി ജനറൽ



ബഹു: നിയമസഭാ സ്പീക്കർ, ശ്രീ.എം.ബി. രാജേഷിന് പാലക്കാട് RO ജനറൽ മാനേജർ, ശ്രീമതി.പ്രീതാ കെ മേനോന്റെ നേതൃത്വത്തിൽ പുതുവത്സര ആശസകൾ നേരുന്നു

മാനേജർമാർ സന്ദർശിച്ച് ആശംസകൾ നേർന്നു. ഈ സന്ദർശങ്ങളിലൂടെ കേരളമാകെ തങ്ങളുടെ സാന്നിധ്യം അറിയിച്ചിരിക്കുകയാണ് കേരള ബാങ്ക്. ബാങ്ക് ഓഹരി ഉടമകളായ പ്രാഥമിക കാർഷിക സഹകരണ സംഘമായുള്ള ഊഷ്മള ബന്ധം ഒന്നു കൂടി ഊട്ടിയുറപ്പിക്കുന്നതിന് ഈ സംരംഭം സഹായകമായി.

# 'Be the number one' ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഊർജിതമാക്കി

കോഴിക്കോട്



തിരുവനന്തപുരം



പത്തനംതിട്ട



കണ്ണൂർ




കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച "Be the number one" ക്യാമ്പയിന്റെ ഭാഗമായിട്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഊർജിതമാക്കി. തിരുവനന്തപുരം, പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ എല്ലാ ജീവനക്കാരുടെയും യോഗം വിളിച്ച് ക്യാമ്പയിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിച്ചു. ക്യാമ്പയിൻ സംബന്ധിച്ച് ബുക്ക്‌ലെറ്റ് എല്ലാ ജീവനക്കാരിലും എത്തിയ്ക്കുവാനും സാധിച്ചു.

ബാങ്ക് പ്രസിഡന്റ്, ശ്രീ. ഗോപി കോട്ടമുറിയ്ക്കൽ ക്യാമ്പയിനെ കുറിച്ച് വിശദീകരിക്കുന്ന വീഡിയോ സന്ദേശം പുറത്തിറക്കി. RO, CPC, ശാഖാ തലങ്ങളിൽ പ്രത്യേക യോഗങ്ങളും ഇടപാടുകാരുടെ സംഗമങ്ങളും സംഘടിപ്പിച്ചു.

ഭരണസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ബാങ്ക് ഉന്നത ഉദ്യോഗസ്ഥർ മുതൽ പാർട്ട് ടൈം കണ്ടീജന്റ് ജീവനക്കാരും, കളക്ഷൻ ഏജന്റുമാരും ഒന്നിച്ച് ഒത്തൊരുമയോടെയുള്ള പ്രവർത്തനങ്ങളാണ് കേരളമാകെ നടന്നു വരുന്നത്.

## സഹകരണ സമഗ്ര പുരസ്കാരം



ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ മൂവാറ്റുപുഴ സെന്ററിന്റെ സഹകരണ സമഗ്ര പുരസ്കാരം, കേരള ബാങ്ക് പ്രസിഡന്റ് ശ്രീ.ഗോപി കോട്ടമുറിക്കലിന് 06-01-2022 ന് വ്യാഴാഴ്ച വൈ: 6 മണിക്ക് കോലഞ്ചേരി പെട്രോസ് കൺവെൻഷൻ സെന്ററിൽ ചേർന്ന യോഗത്തിൽ വെച്ച് ബഹു. സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ.സജി ചെറിയാൻ സമ്മാനിക്കുന്നു.

NABARD
Published with assistance from NABARD under Co-operative Development Fund

# കോവിഡ് പ്രതിസന്ധി മറികടക്കാൻ പ്രവാസികൾക്ക് ഈട് രഹിത വായ്പ



കേരള ബാങ്കിന്റെ പ്രവാസി ഭദ്രത വായ്പയുടെ കോഴിക്കോട് ജില്ലാതല വിതരണോദ്ഘാടനം ഡയറക്ടർ ശ്രീ. ഇ രമേശ് ബാബു നിർവ്വഹിക്കുന്നു

കോവിഡ് കാരണം നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും കേരള ബാങ്ക് 8.75 ശതമാനം പലിശ നിരക്കിൽ 5 ലക്ഷം രൂപവരെ ഈട് രഹിത വായ്പ നൽകും. നോർക്ക റൂട്ട്സിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പ്രവാസി ഭദ്രത വായ്പാ പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ 3 ശതമാനം പലിശ സബ്സിഡിയും ഒരു ലക്ഷം രൂപ വരെ ക്യാപിറ്റൽ സബ്സിഡിയും ലഭിക്കും. പ്രവാസി ഭദ്രത വായ്പയുടെ കോഴിക്കോട് ജില്ലാതല വിതരണോദ്ഘാടനം കേരള ബാങ്ക് ഡയറക്ടർ ശ്രീ. ഇ. രമേശ് ബാബു നിർവ്വഹിച്ചു.

കുന്ദമംഗലം ശാഖയിൽ നടന്ന ചടങ്ങിൽ ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീമതി. കെ. എം. റീന അധ്യക്ഷത വഹിച്ചു. കുന്ദമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. ലിജി പുൽക്കുന്നുമ്മൽ മുഖ്യാതിഥിയായിരുന്നു. കുന്ദമംഗലം റൂറൽ ബാങ്ക് പ്രസിഡന്റ് ശ്രീ. കെ. സി. രാമചന്ദ്രൻ, വായ്പാ വിഭാഗം സീനിയർ മാനേജർ ശ്രീമതി. എൽ. പി. ബിന്ദു, മാനേജർ ശ്രീമതി. ടി. കെ. ജീഷ്മ, പബ്ലിക് റിലേഷൻസ് ഓഫീസർ ശ്രീ. സി. സഹദ് എന്നിവർ പങ്കെടുത്തു. ഏരിയാ മാനേജർ ശ്രീ. എ. എം. അജിത്കുമാർ സ്വാഗതവും മാനേജർ ശ്രീമതി. എ. ആശ നന്ദിയും പറഞ്ഞു.

# കേരള ബാങ്ക് കല്ലോടി ശാഖ നവീകരിച്ചു



നവീകരിച്ച കേരള ബാങ്ക് കല്ലോടി ശാഖ കേരള ബാങ്ക് ഡയറക്ടർ ശ്രീ. പി ഗഗാറിൻ ഉദ്ഘാടനം ചെയ്യുന്നു

ഇടപാടുകാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി നവീകരിച്ച കേരള ബാങ്ക് കല്ലോടി ശാഖ കേരള ബാങ്ക് ഡയറക്ടർ ശ്രീ. പി. ഗഗാറിൻ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് റീജിയണൽ ജനറൽ മാനേജർ ശ്രീ. സി. അബ്ദുൽ മുജീബ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്തംഗം ശ്രീമതി. കെ. വി. ബിജോൾ, ഗ്രാമപഞ്ചായത്തംഗം ശ്രീ. ജോർജ്ജ് പാടക്കുട്ടിൽ, ഫാദർ ബിജു മാവറ, ശ്രീ. പി. എസ്. രാമനാഥൻ എന്നിവർ പ്രസംഗിച്ചു.

വയനാട് സിപിസി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ. എൻ. നവനീത് കുമാർ സ്വാഗതവും ശാഖാ മാനേജർ ശ്രീ. എം. വി. ജോസഫ് നന്ദിയും പറഞ്ഞു.



വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക് നിർമ്മിച്ച് കയറ്റുമതി ചെയ്യുന്ന ഭക്ഷ്യ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഫ്ലാഗ് ഓഫ് ബഹു: സഹകരണ വകുപ്പ് മന്ത്രി, ശ്രീ. വി.എൻ. വാസവൻ നിർവഹിക്കുന്നു. കേരള ബാങ്ക് PACS as MSC സ്കീം വഴി നൽകിയ മൂന്ന് കോടി രൂപയുടെ വായ്പ ഉപയോഗിച്ച് വാരപ്പെട്ടി സർവീസ് സഹകരണ ബാങ്ക് നാളികേരവും മരച്ചീനി പോലുള്ള കാർഷിക ഉൽപന്നങ്ങളുടെയും ആധുനിക രീതിയിലുള്ള പ്രോസസ്സിംഗ് പ്ലാന്റ് കോതമംഗലത്തിനു സമീപം മൈലൂരിൽ സ്ഥാപിച്ചത്. ആ പ്ലാന്റിൽ നിന്നുള്ള ഉൽപന്നങ്ങളാണ് യുഎസിലേക്ക് കയറ്റുമതി ചെയ്യുന്നത്.

# നബാർഡ് ധനസഹായത്തോടുള്ള

## നീർത്തട വായ്പാ പദ്ധതി ഉദ്ഘാടനം ചെയ്തു



നബാർഡ് ധനസഹായത്തോടെ പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട നീർത്തടങ്ങളിൽ നടപ്പിലാക്കുന്ന വായ്പാ പദ്ധതിയുടെ ഉദ്ഘാടനം കേരളബാങ്ക് റീജിയണൽഓഫീസിൽ വെച്ച് ബാങ്ക് ഡയറക്ടർ ശ്രീ. എ.പ്രഭാകരൻ എംഎൽഎ നിർവഹിച്ചു. കേരള ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം ശ്രീ.പി.എ.ഉമ്മർ അധ്യക്ഷനായി. നബാർഡ് ചീഫ് ജനറൽ മാനേജർ ശ്രീ. പി.ബാലചന്ദ്രൻ, കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ.പി.എസ്. രാജൻ, നബാർഡ് ഡിഡിഎം, ശ്രീമതി. കവിതാ റാം എന്നിവർ സംസാരിച്ചു. കേരള ബാങ്ക് ജനറൽ മാനേജർ, ശ്രീമതി.പ്രീത കെ.മേനോൻ സ്വാഗതവും ഡെപ്യൂട്ടി ജനറൽ മാനേജർ, ശ്രീമതി. ദീപ ജോസ് നന്ദിയും പറഞ്ഞു.

നബാർഡ് നീർത്തടപദ്ധതി പ്രദേശത്തെ കർഷകരുടെ വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും കുറഞ്ഞ നിരക്കായ ആറ് ശതമാനത്തിന് വായ്പ നൽകുന്ന പദ്ധതിക്കാണ് തുടക്കമായത്. സംസ്ഥാനത്ത് ആദ്യമായി പദ്ധതി നടപ്പിലാക്കുന്നത് പാലക്കാട് ജില്ലയിലാണ്. കാർഷിക-കാർഷികേതര പദ്ധതികൾ, ഭവന നിർമാണം, ചെറുകിട സംരംഭങ്ങൾ തുടങ്ങി ഏതാവശ്യത്തിനും ഈ വായ്പ ലഭ്യമാണ്.

അയിലൂർ പഞ്ചായത്തിൽ പാസ്ഡ് എന്ന ഏജൻസി നടപ്പിലാക്കുന്ന തിരിഞ്ഞക്കോട് നീർത്തട പദ്ധതി, കടമ്പഴിപ്പുറം പഞ്ചായത്തിൽ ഐആർടിസി നടപ്പിലാക്കുന്ന പുല്ലുണ്ടശ്ശേരി നീർത്തട പദ്ധതി പ്രദേശങ്ങളിലെ കർഷകർക്കാണ് ആദ്യ വായ്പകൾ വിതരണം ചെയ്തത്. ജില്ലയിൽ നബാർഡിന്റെ 20 നീർത്തട പദ്ധതി പ്രദേശങ്ങളും വായ്പാ വിതരണ പരിധിയിൽ ഉൾപെടും.

# ചേന്ദമംഗലം കൈത്തറിക്ക്

## ഇകൊമേഴ്സ് വെബ്സൈറ്റ് cooploom.com

ലോക പ്രശസ്തമായ ചേന്ദമംഗലം കൈത്തറിയുടെ ഉൽപ്പാദക സഹകരണ സംഘങ്ങളുടെ കൂട്ടായ്മയായ ചേന്ദമംഗലം വീവേഴ്സ് സൊസൈറ്റീസ് എംപവർമെന്റ് കൺസോർഷ്യത്തിന് നബാർഡ് സഹകരണത്തോടെ ഇ-കൊമേഴ്സ് വെബ്സൈറ്റ്.

വെബ്സൈറ്റ് cooploom.comന്റെ സോഫ്റ്റ് ലോഞ്ച് പ്രോഗ്രാം നബാർഡ് സി.ജി.എം ശ്രീ. പി.ബാലചന്ദ്രൻ നിർവഹിച്ചു. വടക്കേക്കര സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ചടങ്ങിൽ കൺസോർഷ്യം ചെയർമാൻ ശ്രീ. അജിത്കുമാർ പി. പി അധ്യക്ഷത വഹിച്ചു. കൺസോർഷ്യത്തിനായി ഇ-കൊമേഴ്സ് സൈറ്റ് വഴിയുള്ള ആദ്യവിൽപ്പന കേരള ബാങ്ക് കോർപ്പറേറ്റ് ബിസിനസ് ഓഫീസ് ജനറൽ മാനേജർ ഡോ.എൻ.അനിൽകുമാർ നിർവ്വഹിച്ചു.

കൺസോർഷ്യം സെക്രട്ടറി ശ്രീ. അജിത് ഗോതുരുത്ത്,അഗ്രോനേച്ചർ സി.ഇ.ഒ ശ്രീ. രഞ്ജിത്ത് രാജേന്ദ്രൻ,നബാർഡ് എ.ജി.എം ശ്രീ അജീഷ് ബാലു എന്നിവർ ചടങ്ങിൽ സംസാരിച്ചു. ചേന്ദമംഗലത്തെ കൈത്തറി സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വ്യാപാരം ലക്ഷ്യമിടുന്ന വെബ്സൈറ്റ് ഒരു മാസത്തിനുള്ളിൽ പൂർണ്ണസജ്ജമാക്കാനാണ് ലക്ഷ്യമിടുന്നത്. സംഘങ്ങൾക്കാവശ്യമായ എല്ലാ ബാങ്കിംഗ് സേവനങ്ങളുമൊരുക്കുന്നത് കേരള ബാങ്കാണ്.




ഇന്ത്യയുടെ 73 – മത് റിപ്പബ്ലിക് ദിനാഘോഷത്തിന്റെ ഭാഗമായി കേരള ബാങ്ക് ഹെഡ്ഓഫീസിൽ CEO ശ്രീ. പി. എസ്. രാജൻ ദേശീയ പതാക ഉയർത്തിയതിനു ശേഷം റിപ്പബ്ലിക് ദിന സന്ദേശം നൽകുന്നു. CGM, ശ്രീ. കെ. സി. സഹദേവൻ, ബാങ്ക് ജീവനക്കാർ എന്നിവർ സമീപം

# ഖാദിക്കൊപ്പം കേരള ബാങ്കും




ആഴ്ചയിൽ ഒരു ദിവസം ജീവനക്കാർ ഖാദി വസ്ത്രം ധരിക്കണമെന്ന സർക്കാർ ഉത്തരവ് കേരളാ ബാങ്കിലും നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതിയുടെ ഉദ്ഘാടനം ഖാദി ബോർഡ് വൈസ് ചെയർമാൻ ശ്രീ.പി ജയ രാജൻ നിർവ്വഹിച്ചു. ഇനി മുതൽ എല്ലാ ബുധനാഴ്ചയും കണ്ണൂർ റീജിയണൽ ഓഫീസിന് കീഴിലെ ജീവനക്കാരും കണ്ണൂർ, കാസർക്കോഡ് ജില്ലകളിലെ ശാഖകളിലെ ജീവനക്കാരും ഖാദി വസ്ത്രം ധരിക്കും. ഡയറക്ടർ ബോർഡ് അംഗം ശ്രീ .കെ ജി വത്സല കുമാരി അധ്യക്ഷയായ ഉദ്ഘാടന ചടങ്ങിൽ ഖാദി പ്രോജക്ട് ഓഫിസർ ശ്രീ.അജിത്കുമാർ, കേരളാ ബാങ്ക് ജനറൽ മാനേജർ ശ്രീ. എം പി ഷിബു , ഡിജിഎം, ശ്രീ. പി വി ഗോപിനാഥ്, ശ്രീമതി.കെ.ആർ.സരളാ ഭായി, ശ്രീ.സി.എൻ. മോഹനൻ, ശ്രീ.പി.സുനിൽകുമാർ, ഡിജിഎം ശ്രീ.വി.നാരായണൻ എന്നിവർ സംസാരിച്ചു.

## സഹകരണ വാർത്തകൾ

- നവകേരളീയം കുടിശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ചു. നേരത്തെ ഡിസംബർ 31 വരെയായിരുന്നു കാലാവധി. കോവിഡ് വ്യാപനത്തെ തുടർന്ന് കുടിശിക അടച്ചു തീർക്കാൻ കഴിയാത്ത സാഹചര്യമുണ്ടായെന്ന് വ്യക്തമായ സാഹചര്യത്തിലാണ് ഒറ്റത്തവണ തീർപ്പാക്കൽ കാലാവധി നീട്ടി നൽകിയത്.
- ഏറ്റവും മികച്ച ക്രാഫ്റ്റ് വില്ലേജിനുള്ള 2021-ലെ അന്താരാഷ്ട്ര ക്രാഫ്റ്റ് പുരസ്കാരം കേരള ആർട്ട്സ് ആൻഡ് ക്രാഫ്റ്റ് സ് വില്ലേജിന്. സംസ്ഥാന വിനോദ സഞ്ചാര വകുപ്പിനു വേണ്ടി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിച്ച്, മികച്ച രീതിയിൽ നടത്തികൊണ്ടു പോകുന്ന സ്ഥാപനമാണ് കേരള ആർട്ട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ്.
- സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായ നൂറ്ദിന കർമ്മ പരിപാടിയിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ 500 ഏക്കറിൽ കൂടി പച്ചക്കറി കൃഷി ആരംഭിക്കും. 14 ജില്ലകളിലായി 250 സംഘം ദൗത്യത്തിന്റെ ഭാഗമാകും.
- സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കണമെന്ന് ഉന്നത പഠന സമിതി. 76 പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കിനെ നിലനിർത്തണമെന്നും നിർദേശിക്കുന്നു. കാർഷിക ബാങ്കിന്റെ ആധുനികവൽക്കരണം പഠിക്കാൻ നിയോഗിച്ച, കേപ്പ് ഡയറക്ടർ ഡോ. ആർ. ശശികുമാറിന്റെ നേതൃത്വത്തിലുള്ള സമിതി റിപ്പോർട്ട് സഹകരണ വകുപ്പ് മന്ത്രി, ശ്രീ.വി.എൻ.വാസവന് കൈമാറി.
- സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് അഡ്മിനിസ്ട്രേറ്ററായി സഹകരണ സംഘം രജിസ്ട്രാർ (കൺസ്യൂമർ) ശ്രീ. ആർ. ജ്യോതി പ്രസാദ് ചുമതലയേറ്റു. നിലവിലുണ്ടായിരുന്ന ഭരണ നേതൃത്വത്തിനെതിരെ ബാങ്ക് പൊതുയോഗം അവിശ്വാസം പാസാക്കിയത് ഹൈക്കോടതിയും അംഗീകരിച്ചതോടെയാണ് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയത്.
- ഭിന്നശേഷികാർക്ക് ചെറുകിട സംരംഭ വായ്പ നൽകുന്ന പദ്ധതിയുമായി സഹകരണ സംഘങ്ങൾ. എൽ.ഡി.എഫ് സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ നൂറ്ദിന പരിപാടിയിൽ ആനുകൂല്യം നൽകും.



നവീകരിച്ച കേരള ബാങ്ക് അരയൻകാവ് ശാഖ ഉദ്ഘാടനം ബഹു. ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ നിർവ്വഹിക്കുന്നു. ബോർഡ് ഓഫ് മാനേജ്മെന്റ് അംഗം അഡ്വ. മാണി വിതയത്തിൽ, റീജിയണൽ മാനേജർ ശ്രീ. ജോളി ജോൺ, ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ.സാനുരാജ് പി.എസ് എന്നിവർ സമീപം.

# വായ്പ അടച്ചു തീർത്ത് ബാങ്ക് ജീവനക്കാർ മാതൃകയായി



ശ്രീമതി.സിജിമോൾ തങ്കപ്പന് ആധാരവും മറ്റ രേഖകളും സുൽത്താൻ ബത്തേരി സായാഹ്ന ശാഖാ മാനേജർ ശ്രീ. കെ.കെ.ഹരിലാൽ കൈമാറുന്നു

ഗുരുതര രോഗം ബാധിച്ച് ചികിത്സയിലായിരുന്ന കൈപ്പഞ്ചേരി ഗവൺമെന്റ് എൽ പി സ്കൂൾ അധ്യാപിക ശ്രീമതി സിജിമോൾ തങ്കപ്പന്റെ കുടിശ്ശികയായ വായ്പാ തുക അടച്ച് തീർത്ത് കേരള ബാങ്ക് ജീവനക്കാർ മാതൃകയായി. വയനാട് സുൽത്താൻ ബത്തേരി സായാഹ്ന ശാഖയിലെ വായ്പയാണ് ജില്ലയിലെ വിവിധ ശാഖയിലെ ജീവനക്കാർ പിരിവിട്ട് അടച്ച് രേഖകൾ തിരികെ നൽകിയത്.

ശാഖാ മാനേജർ, ശ്രീ.കെ.കെ.ഹരിലാലിന്റെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ കാരുണ്യ പദ്ധതി വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചത്.

മരണം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ വായ്പ തിരിച്ചടക്കാൻ കഴിയാതെ നിസ്സഹായാവസ്ഥയിൽ കഴിയുന്നവർക്ക് സമാന രീതിയിലുള്ള കാരുണ്യപ്രവർത്തനങ്ങൾ കേരള ബാങ്കിൻ്റെ പല ശാഖയിലെയും ജീവനക്കാർ മുൻകൈയെടുത്ത് നടത്തി വരുന്നു.




Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905